## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1992</u>                    <u>12.02.2013-ൽ മറുപടിക്ക്</u>

### <u>ബാറുകൾക്ക് ലൈസൻസ് നൽകൽ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ ബാർ ലൈസൻസുകൾ നല്കിയത് നടപടിക്രമം പാലിക്കാതെയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) നടപടി ക്രമം പാലിക്കാതെ ബാർ ലൈസൻസുകൾ നല്കിയിട്ടില്ല. |
| (ബി) പ്രസ്തുത ബാർ ലൈസൻസുകൾ നല്കിയത് പുന: പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരണം നല്കാമോ; | (ബി) ബാധകമല്ല. |
| (സി) ബാർ ലൈസൻസുകൾ എന്ത് മാനദണ്ഡം അനുസരിച്ചാണ് നല്കിയത്; മാനദണ്ഡത്തിൽ മാറ്റം വരുത്തുവാൻ കാരണമെന്ത്; ആരാണ് തീരുമാനമെടുത്തത്; വിശദീകരിക്കാമോ? | (സി) വിദേശമദ്യചട്ടത്തിലെ വ്യവസ്ഥകൾക്കും, കോടതിവിധികൾക്കും അനുസൃതമായിട്ടാണ് ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. മൂന്ന് നക്ഷത്രവും അതിലധിക പദവിയുമുള്ള ഹോട്ടലുകൾക്കാണ് ബാർ ലൈസൻസുകൾ നല്കി വന്നിരുന്നത്. എന്നാൽ, സംസ്ഥാനത്ത് ബാറുകളുടെ എണ്ണവും, മദ്യത്തിന്റെ ഉപഭോഗവും ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, 3 നക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കേണ്ടായെന്നും, നിലവിലുള്ള ബാർ ഹോട്ടലുകളിൽ നിന്നും, പഞ്ചായത്തിൽ 3 കിലോമീറ്ററിലും, മുനിസിപ്പൽ-കോർപ്പറേഷനിൽ ഒരു കിലോമീറ്ററിലും കുറയാത്ത അകലത്തിൽ സ്ഥിതി ചെയ്യുന്ന 4 നക്ഷത്രവും അതിലധിക പദവിയുമുള്ള ഹോട്ടലുകൾക്കു മാത്രം ബാർ ലൈസൻസ് നല്കിയാൽ മതിയെന്ന് സർക്കാർ നയപരമായ തീരുമാനമെടുത്തു. |

സെക്ഷൻ ഓഫീസർ.